ease(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 24-Jun-2026 04:36 PM - Page 1

**KANNUR UNIVERSITY**
കണ്ണൂർ സർവകലാശാല

**(ഡി ഒ എ )**

DOA/A2/2627/UG ADMISSION/2026-27 തീയതി: 24.06.2026

**നാല് വർഷ ബിരുദ (FYUGP)/ അഞ്ച് വർഷ ഏകീകൃത ബിരുദാനന്തരബിരുദ(FYIMP) പ്രോഗ്രാമുകൾ 2026-27**

***ഒന്നാം അലോട്ട് മെന്റ് നിർദ്ദേശങ്ങൾ***

2026-27 അധ്യയന വർഷത്തെ ബിരുദ (FYUGP/FYIMP) പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെന്റ് admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ അപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെൻറ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ **26.06.2026** തിയ്യതിക്കുള്ളിൽ അഡ്മിഷൻ ഫീസ് ഓൺലൈനായി **(**SBePay വഴി മാത്രം **)** നിർബന്ധമായും അടക്കേണ്ടതാണ് **(**അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനത്തിനായി ഹാജരാകേണ്ടതില്ല**).**

*കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ അഫ്സൽ-ഉൽ-ഉലമ പ്രിലിമിനറി പഠിച്ചവരും, കണ്ണൂർ സർവകലാശാലയുടെ തന്നെ മറ്റ് പ്രോഗ്രാമുകൾ പൂർത്തിയാക്കി വരുന്നവരുമൊഴികെയുള്ളവർ പ്രവേശനം അവസാനിക്കുന്ന തിയ്യതിക്ക് മുമ്പായി **(11/09/2026)** **മട്രിക്കുലേഷൻ ഫീസും(215/-) റെകോഗ്നിഷൻ ഫീസും(215/-) നിർബന്ധമായും അടക്കേണ്ടതാണ്.***

SBePay വഴി അല്ലാതെ മറ്റു രീതികളിൽ ഫീസ് അടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. **അഡ്മിഷൻ ഫീസ് അടക്കാത്തവർക്ക്, ലഭിച്ച അലോട്ട്മെൻറ് നഷ്ടമാവുകയും തുടർന്നുള്ള അലോട്ട്മെൻറ് പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യും.** അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1035/- രൂപയും SC/ST വിഭാഗത്തിന് 960/- രൂപയുമാണ്.

അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് Pay Fees ബട്ടണിൽ ക്ലിക്ക് ചെയ്താണ് അഡ്മിഷൻ ഫീസടയ്ക്കേണ്ടത്. ബാധകമായവർക്ക് മട്രിക്കുലേഷൻ ഫീ/റെകോഗ്നിഷൻ ഫീ അടയ്ക്കുന്നതിനുള്ള ലിങ്കും പ്രൊഫൈലിൽ കാണാവുന്നതാണ്. വിദ്യാർത്ഥികൾ, അഡ്മിഷൻ ഫീസ് വിവരങ്ങൾ പ്രൊഫൈലിൽ വന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഡ്മിഷൻ ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെൻറ് റദ്ദാക്കുന്നതാണ്. ഇങ്ങനെയുള്ള

വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അടുത്ത അലോട്ട്മെൻറിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെൻറ് ലഭിച്ച വിദ്യാർഥികൾ തങ്ങൾക്കു ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെൻറുകളിൽ പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ അതിനായി അഡ്മിഷൻ ഫീസ് യഥാസമയം അടക്കേണ്ടതാണ്.

അലോട്ട്മെൻറ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ ശേഷം അവരുടെ ഹയർ ഓപ്ഷനുകൾ 26.06.2026 തിയ്യതിക്കുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം സ്വന്തം ഇഷ്ടത്തിനനുസരിച്ച് റദ്ദ് ചെയ്ത ഹയർ ഓപ്ഷനുകൾ ഒരു കാരണവശാലും പിന്നീട് പുനഃസ്ഥാപിച്ചു കൊടുക്കുന്നതല്ല. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെൻറിൽ ആ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതും അവർ പുതിയ അലോട്ട്മെൻറ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

***രണ്ടാം അലോട്ട്മെന്റ് : 27.06.2026***

## കോളേജ്/പഠനവകുപ്പ് പ്രവേശനം

ഒന്നാം അലോട്ട്മെൻറിന് ശേഷം ഒഴിവു വരുന്ന സീറ്റുകളിലേക്ക് രണ്ടാമത്തെ അലോട്ട്മെന്റ് നടത്തുന്നതാണ്. ഒന്ന്, രണ്ട്, അലോട്ട്മെൻറുകളിൽ **അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ രണ്ടാമത്തെ അലോട്ട്മെൻറിനു ശേഷം മാത്രം അതത് കോളേജുകളിൽ/പഠനവകുപ്പുകളിൽ അഡ്മിഷന് വേണ്ടി ഹാജരാകേണ്ടതാണ്** (അഡ്മിഷൻ ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാണ്). അഡ്മിഷൻ ലഭിച്ചവർക്ക് കോളേജുകളിൽ/പഠനവകുപ്പുകളിൽ ഹാജരാകുന്നതിനുള്ള അലോട്ട്മെൻറ് മെമ്മോ രണ്ടാം അലോട്ട്മെൻറിന് ശേഷം മാത്രം വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്ട്മെൻറ് മെമ്മൊയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതത് കോളേജുകളിൽ/പഠനവകുപ്പുകളിൽ ഹാജരാക്കേണ്ടതാണ്.

1.ഓൺലൈൻ അപേക്ഷയുടെ പ്രിൻറ് ഔട്ട്

2.രജിസ്ട്രേഷൻ ഫീസ്, അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച രസീതിൻറെ പ്രിൻറ് ഔട്ട്

3.യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്

4. ജനനതീയതി തെളിയിക്കുന്നസർട്ടിഫിക്കറ്റ്

5. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

6.കോഴ്സ്&കോണ്ടക്ട് സർട്ടിഫിക്കറ്റ്

7.അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്), കമ്മ്യൂണിറ്റി/Caste തെളിയിക്കുന്നതിനുള്ള ഏതെങ്കിലും വിദ്യാഭ്യാസ രേഖ (OEC വിഭാഗങ്ങൾക്ക് )

8. EWS വിഭാഗത്തിലാണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ബാധകമായവർക്ക് )

അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗങ്ങൾക്ക്)

. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കറ്റ്

ease(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 24-Jun-2026 04:36 PM - Page 2

11 . HSE,VHSE,THSE,CBSE,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്

12 .നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ.

13 .അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

14. ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിൻറ് ഔട്ട്

ഓൺലൈൻ രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും ഫീസടച്ചതിൻറെ വിവരങ്ങൾ അടങ്ങിയ പ്രിൻറ് ഔട്ട് കൈവശം സൂക്ഷിക്കേണ്ടതാണ്. ഈ പ്രിൻറ് ഔട്ട് അഡ്മിഷൻ സമയത്ത് കോളേജിൽ/പഠനവകുപ്പുകളിൽ ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് admission.kannuruniversity.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നമ്പറുകൾ : 04972766388, 7356948230

e-mail id: ugdoa@kannuruniv.ac.in

ഒപ്പ്/-

ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1 PRO (പത്രക്കുറിപ്പ് എല്ലാ എഡിഷണലിലും )
2.Enquiry
3.Web Manager

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

ease(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 24-Jun-2026 04:36 PM - Page 3